## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല — സബ്ട്രഷറി ഉദ്ഘാടനം - ട്രഷറി പരിധിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന — യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം. 2680/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09/09/2016

---

പരാമർശം:- ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എയുടെ 29.07.2016 ലെ കത്ത്.

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ട സബ്ട്രഷറി ഉദ്ഘാടന ചെലവുകൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 25,000/- രൂപയും ട്രഷറി പരിധിയിലുൾപ്പെട്ട ചക്കിട്ടപ്പാറ, കായണ്ണ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5,000/- രൂപ വീതവും സംഭാവന ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് പരാമർശ കത്തുപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ട സബ്ട്രഷറി ഉദ്ഘാടനചെലവുകൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 25,000/- രൂപയും ട്രഷറി പരിധിയിലുൾപ്പെട്ട ചക്കിട്ടപ്പാറ, കായണ്ണ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5,000/- രൂപ വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കൂരാച്ചുണ്ട് സബ്ട്രഷറി ഉദ്ഘാടന സംഘാടക സമിതി ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസി.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.&എ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
എക്സി. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.